# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4394 25.06.2019 ൽ മറുപടിക്ക്**

**കാട്ടൂർകടവ്,പണിക്കർകടവ് പാലങ്ങളുടെ ബലക്ഷയം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ആർ. രാമചന്ദ്രൻ | ശ്രീ ജി സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ കാട്ടൂർകടവ് പാലത്തിന്റെ ഉറപ്പ് പരിശോധനാവിധേയമാക്കിയിട്ടുണ്ടോ; ഇതിന് ബലക്ഷയം സംഭവിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ; | എ) ബി) & സി) കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിലെ കാട്ടൂർകടവ് പാലത്തിന്റെ ഉറപ്പ് സംബന്ധിച്ച് വിശദമായ റിപ്പോർട്ട് പരിശോധനകൾക്കായി ബ്രിഡ്ജസ് ഡിസൈൻ വിഭാഗത്തിന് സമർപ്പിച്ചിട്ടുണ്ട്. ബലക്ഷയം സംബന്ധിച്ചുള്ള കൂടുതൽ വിവരങ്ങൾ വിശദമായ പരിശോധനകൾക്ക് ശേഷമേ അറിയാൻ കഴിയൂ.<br>പണിക്കർ കടവ് പാലത്തിന്റെ ബലക്ഷയം പരിഹരിക്കുന്നതിനായി 10 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി നിലവിൽ ടെണ്ടർ നടപടികൾ പൂർത്തീകരണ ഘട്ടത്തിലാണ്. |
| ബി) ബലക്ഷയം സംഭവിച്ച പാലം പുതുക്കിപ്പണിയുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ; | |
| സി) പണിക്കർകടവ് പാലത്തിന്റെ ബലക്ഷയം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദീകരിക്കുമോ? | |

സെക്ഷൻ ഓഫീസർ